# 48. കൈഗ അണുവൈദ്യുതീനിലയം

കർണാടക സംസ്ഥാനത്തിലെ ഭരണകക്ഷിയായ ജനതയും പ്രതിപക്ഷമായ കോൺഗ്രസ്സും പരസ്പരം യോജിക്കുന്ന പ്രശ്നങ്ങൾ കുറവാണ്. എന്നാൽ, കർവാർ ജില്ലയിൽ പശ്ചിമഘട്ടത്തിലെ നിബിഡവനങ്ങൾക്കിടയിലുള്ള 'കൈഗ' എന്ന സ്ഥലത്ത് ഒരു അണുവൈദ്യുതീനിലയം സ്ഥാപിക്കണമെന്ന കാര്യത്തിൽ ഈ രണ്ടു കക്ഷികൾക്കുമിടയിൽ യാതൊരു അഭിപ്രായഭേദവുമില്ല. ഒക്ടോബർ 6–ാം തീയതി കർണാടകത്തിലെ അസംബ്ലിയിൽ വ്യവസായ—ഊർജ മന്ത്രി ജെ. എച്ച്. പട്ടേലും കോൺഗ്രസ്പാർട്ടി അംഗമായ ആർ. എൻ. നായക്കും കൈഗ അണുവൈദ്യുതീനിലയം സ്ഥാപിക്കുന്നതു സംബന്ധിച്ച് തങ്ങളുടെ അഭിപ്രായൈക്യം വ്യക്തമാക്കുകയുണ്ടായി.

എന്നാൽ, കർണാടകത്തിലെ വലിയൊരു ജനവിഭാഗം കൈഗ പദ്ധതിക്ക് എതിരാണ്. പദ്ധതിയുടെ പ്രവർത്തനം നിർത്തിവെക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ഒക്ടോബർ 3–ാം തീയതി കാർവാർ നഗരപരിസരത്തിലെ കൈഗ പദ്ധതി ആപ്പീസിനു മുമ്പാകെ അവർ നടത്തിയ പ്രകടനങ്ങൾക്കു നേതൃത്വം നൽകിയത് ഉടുപ്പിയിലെ പേജാവർ മഠത്തിൽ മുഖ്യ സ്വാമിയായ ശ്രീ വിശ്വേശതീർത്ഥനും അദ്ദേഹത്തിന്റെ അനന്തരഗാമിയായ ശ്രീ വിശ്വപ്രസന്നതീർത്ഥനുമായിരുന്നു. ഉടുപ്പി ക്ഷേത്രത്തിൽ മുറ (പര്യായം) അനുസരിച്ചു പൂജ അനുഷ്ഠിക്കാൻ അധികാരമുള്ള പേജാവർ മഠത്തിലെ സ്വാമിമാർക്ക് മാധ്വ വിശ്വാസാവലംബികൾക്കിടയിൽ വളരെ ഉയർന്ന സ്ഥാനമാണുള്ളത്. ഈ സ്വാമിമാരോടൊപ്പം സ്വാതന്ത്ര്യഭടനും സർവോദയനേതാവുമായ എച്ച്. എസ്. ദൊരസ്വാമി, മുൻ എം പി ഡി. പി. കോഡം, പത്രപ്രവർത്തകൻ നാഗേശ് ഹെഗ്ഡെ, ഡോ. കസുമ സോറാബ് എന്നിവരടക്കം കുറെയേറെ സത്യാഗ്രഹികൾ രാവിലെ 9 മണിമുതൽ ഉച്ചയ്ക്ക് 3 മണിവരെ പ്രോജക്ട് ആപ്പീസിന്റെ മുമ്പിൽ ഭജനകൾ പാടിയും അണുവൈദ്യുതീനിലയത്തിനെതിരായ മുദ്രാവാക്യങ്ങൾ മുഴക്കിയും പ്രകടനം നടത്തി.

കൈഗ പ്രോജക്ടിലെ ചീഫ് എൻജിനീയറായ പരമഹംസ തിവാരി ആപ്പീസിൽനിന്നു പുറത്തിറങ്ങിവന്ന് പേജാവർ സ്വാമിയുടെ മുമ്പിൽ നമസ്കരിച്ചു. അണുവൈദ്യുതീനിലയം ആപല്ക്കരമായിരിക്കുമെന്നു ജനങ്ങൾ ഭയപ്പെടുന്നതിനാൽ അതിന്റെ പ്രവർത്തനം നിർത്തിവെക്കണമെന്ന് സ്വാമി ആവശ്യപ്പെട്ടപ്പോൾ തനിക്ക് അതിന് അധികാരമില്ലെന്ന് തിവാരി പറഞ്ഞു. 'ഏററവും ഉയർന്നതലത്തിൽ എടുക്കേണ്ട ഒരു തീരുമാനമാണ് അത്. ഞാൻ അധികാരികളെ വിവരമറിയിക്കാം. ഞങ്ങളോടു സഹകരിച്ചു പ്രക്ഷോഭണം സമാധാനപരമായി നടത്തുക' എന്ന് തിവാരി സ്വാമിയോട് അഭ്യർത്ഥിച്ചു. താമസിയാതെ സ്വാമിമാരടക്കം 332 സത്യാഗ്രഹികളെ പോലീസ് അറസ്റ്റ് ചെയ്തു നീക്കി. സത്യാഗ്രഹത്തിന്റെ തലേന്ന് ഒക്ടോബർ 2–ന് കൈഗ പദ്ധതിക്കെതിരായി കാർവാർ നഗരത്തിൽ സംഘടിപ്പിക്കപ്പെട്ട സമ്മേളനത്തിലും ഘോഷയാത്രയിലും സിനിമാനടന്മാർ, ശാസ്ത്രജ്ഞന്മാർ മുതലായവരടക്കം രണ്ടായിരത്തിലേറെ ജനങ്ങൾ പങ്കെടുത്തിരുന്നു കർണാടക സംസ്ഥാനത്തിലും പുറത്തുമുള്ള നൂററിനാല്പതോളം സന്നദ്ധ സംഘടനകളുടെ പ്രാതിനിധ്യം ഇവർക്കുണ്ടായിരുന്നുവത്രെ.

ജ്ഞാനപീഠസമ്മാനം നേടിയ കന്നഡ സാഹിത്യകാരന്മാരായ ശിവരാം കാരന്ത്, കെ. വി. പുട്ടപ്പ (കുവെമ്പു) മുതലായ ബുദ്ധിജീവികളുടെ പൂർണമായ പിന്തുണ കൈഗ വിരുദ്ധ സമരത്തിനുണ്ട്. 'ഉത്തര കന്നഡ പരിസര സംരക്ഷണ സമിതി'യാണ് ഈ സമരത്തിനു നേതൃത്വം നൽകുന്നത്. സമിതി

യുടെ ആഹ്വാനമനുസരിച്ച് ഉത്തര കന്നഡത്തിലെ അങ്കോല, ഹൊന്നാവർ, കമ്ത, സിർസി, സിദ്ദപൂർ, യെല്ലപൂർ എന്നീ താലൂക്കുകളിലെ വിദ്യാർത്ഥികൾ സെപ്റ്റംബർ 23—ാം തീയതി സ്കൂളുകൾ ബഹിഷ്കരിച്ച് പ്രകടനങ്ങൾ നടത്തുകയും കൈഗ പദ്ധതി ഉപേക്ഷിക്കണമെന്നാവശ്യപ്പെട്ട് അധികൃതർക്കു നിവേദനങ്ങൾ സമർപ്പിക്കുകയും 'മനുഷ്യനും പരിസ്ഥിതിക്കും അപരിഹരണീയമായ ദോഷം വരുത്തിവെക്കുന്ന ഈ പദ്ധതിക്കെതിരെ സമരം തുടർന്നു നടത്തും' എന്നു പ്രതിജ്ഞയെടുക്കുകയും ചെയ്തു.

ഓരോന്നും ഇരുന്നൂററിമുപ്പത്തഞ്ച് മെഗാവാട്ട് (ഒരു മെഗാവാട്ട് = പത്തു ലക്ഷം വാട്ട്) വൈദ്യുതി ഉല്പാദിപ്പിക്കുന്ന രണ്ട് അണു റിയാക്ടറുകൾ കൈഗയിൽ സ്ഥാപിക്കാനാണത്രേ ഗവൺമെൻറ് ഉദ്ദേശിക്കുന്നത്. റഷ്യയിൽ ഉണ്ടാക്കിയവയാണ് ഈ റിയാക്ടറുകൾ. എല്ലാ സുരക്ഷാതത്ത്വങ്ങളും മറികടന്നാണ് ഇന്ത്യാ ഗവൺമെൻറിൻെറ ന്യൂക്ലിയർ പവർ കോർപ്പറേഷൻ (എൻ. പി. സി ) കൈഗയിൽ ഈ റിയാക്ടറുകൾ സ്ഥാപിക്കുന്നതെന്ന് ആ പദ്ധതിയെ എതിർക്കുന്നവർ പറയുന്നു. ഒന്നാമത്, കൈഗ സ്ഥിതിചെയ്യുന്നതു് ഉഷ്ണമേഖലാ മഴക്കാട് പ്രദേശത്താണ്. ഇവിടെ കൈഗ പദ്ധതി നടപ്പിലാക്കിയാൽ എത്രയോ അധികം വനഭൂമി അതിലെ മൃഗ—പക്ഷി—കീടസമ്പത്തോടൊപ്പം നഷ്ടപ്പെടും. രണ്ടാമത്, ഈ പ്രദേശത്തു വലിയ അളവിൽ മഴ പെയ്യാറുണ്ട്; പല ജലവൈദ്യുത പദ്ധതികളും ഇവിടെയുണ്ട്. അതിവർഷപാതം അണുവൈദ്യുതീനിലയത്തെ എങ്ങനെ ബാധിക്കുമെന്നു കണ്ടറിയേണ്ടിയിരിക്കുന്നു. മൂന്നാമത്, ഭൂകമ്പങ്ങൾ ഉണ്ടാകാൻ സാദ്ധ്യതയുള്ള ഒരു സ്ഥലമാണ് കൈഗ. ഭൂകമ്പംമൂലം അണുവൈദ്യുതീനിലയത്തിനു കേടുവന്നാൽ ചുററുപാടും അണുപ്രസരണംകൊണ്ട് ഉണ്ടാകാവുന്ന നാശനഷ്ടങ്ങൾ ഊഹിക്കാവുന്നതേയുള്ളു

കൈഗയ്ക്കെതിരായ പ്രക്ഷോഭണത്തിൽ അണുവൈദ്യുതിക്കു പകരം നില്ക്കാവുന്ന ഊർജസ്രോതസ്സുകൾക്കുവേണ്ടിയുള്ള പൗരസമിതി (സിററിസൻസ് ഫോർ ആൾട്ടർനേററീവ്സ് ടു ന്യൂക്ലിയർ എനർജി—സി. എ. എൻ. ഇ.), സമഗ്രവികാസ്, സമാജപരിവർത്തനസമുദായം, പശ്ചിമഘട്ടങ്ങളെ രക്ഷിക്കാനുള്ള അഭിയാനം (സേവ് വെസ്റ്റേൺ ഘട്ട്സ് മാർച്ച്) മുതലായ പല സംഘടനകളും പങ്കാളികളാണ്. സ്ത്രീകളുടേയും വിദ്യാർത്ഥികളുടെയും പല സംഘടനകളും ഈ സംരംഭത്തിൽ വ്യാപകമായി സഹകരിക്കുന്നുണ്ട് എന്നതാണ് എടുത്തുപറയേണ്ട മറെറാരു വസ്തുത.

കൈഗ അണുവൈദ്യുതീനിലയത്തെ എതിർക്കുന്നവർ ഈ പദ്ധതിയെ കാണുന്നതു് പശ്ചിമഘട്ട പർവതനിരയ്ക്കെതിരായ ഒരു ആക്രമണം എന്ന നിലയ്ക്കാണ്. കുന്നുകളും മലകളുമായി ഇന്ത്യൻ ഉപഭൂഖണ്ഡത്തിൻെറ പടിഞ്ഞാറെ ഭാഗത്തു കടലരികിൽ വടക്ക് തപതീ നദിമുതൽ തെക്ക് കന്യാകുമാരിവരെ ആയിരത്തറുനൂറു കിലോമീറററോളം നീണ്ടുകിടക്കുന്ന പശ്ചിമഘട്ടത്തെപ്പററി അതിൻെറ ചെരുവിൽ പാർക്കുന്ന നാം വളരെ കുറച്ചേ മനസ്സിലാക്കിയിട്ടുള്ളു. മഹാരാഷ്ട്രം, ഗോവ, കർണാടകം, കേരളം, തമിഴ്നാട് എന്നീ സ്റ്റേററുകളിലായി നൂററമ്പത്താറു താലൂക്കുകൾ ഈ പർവതനിരയിലുണ്ട്. പശ്ചിമഘട്ടത്തിൻെറ പടിഞ്ഞാറെവശം കടൽത്തീരത്തുനിന്നു കുത്തനേ ഉയർന്നുനിൽക്കുമ്പോൾ കിഴക്കെ വശം ഇന്ത്യൻ ഉപദ്വീപത്തിൽ പതുക്കെപ്പതുക്കെ ചരിഞ്ഞു ലയിക്കുന്നു. കാളിനദിമുതൽ വടക്കോട്ടുള്ള പശ്ചിമഘട്ട—പർവതശൃംഖലകൾ 'ഡക്കാൻ ട്രാപ്' എന്നറിയപ്പെടുന്ന ബലംകുറഞ്ഞ പാറകൾകൊണ്ടു നിർമിച്ചവയാണ്. ഇവിടെ പശ്ചിമഘട്ടത്തിന് ഉയരവും കുറവാണ്—കൂടിയതു് ആയിരത്തഞ്ഞൂറു മീററർ. കാളിനദിക്കു തെക്കുള്ള പശ്ചിമഘട്ടം നിർമിക്കപ്പെട്ടിട്ടുള്ളതു കൂടുതൽ ഉറപ്പുള്ള പഴയ പാറകൾകൊണ്ടാണ്. ഇവിടെ മലകൾക്ക് രണ്ടായിരം മീറററോളം ഉയരമുണ്ട്. ഏററവും ഉയരംകൂടിയ ആനമുടിക്ക് രണ്ടായിരത്തി അറുനൂററിത്തൊണ്ണൂററിനാലു മീററും. പശ്ചിമഘട്ടത്തിൻെറ പടിഞ്ഞാറു ഭാഗത്തു കനത്ത കാലവർഷം ലഭിക്കുമ്പോൾ കിഴക്കുവശം വരണ്ട മരുഭൂമിപോ

ലെ കിടക്കുന്ന തെക്കോട്ട് തെക്കോട്ട് മഴ കൂടുതലാണ്; കാരണം ഇവിടെ കാലവർഷത്തിനു പുറമെ തുലാവർഷവും എത്തിപ്പെടുന്നു. പ്രകൃതിസിദ്ധങ്ങളായ പുൽമേടുകൾ, മഴക്കാടുകൾ, ഇലപൊഴിയും കാടുകൾ—അങ്ങനെ വ്യത്യസ്തങ്ങളായ സസ്യജാലങ്ങളും . അവസ്ഥിടയിൽ അതിസമ്പന്നമായ ജന്തുസമ്പത്തും പശ്ചിമഘട്ടത്തിന്റെ പടിഞ്ഞാറുവശത്തിന്റെ സവിശേഷതകളാകുന്നു.

ബ്രിട്ടീഷ് വാഴ്ചക്കാലത്തുതന്നെ പശ്ചിമഘട്ടവനങ്ങളിൽ വലിയൊരു ഭാഗം തോട്ടങ്ങളും കൃത്രിമവനങ്ങളുമായി മാറിക്കഴിഞ്ഞിരുന്നു. സ്വാതന്ത്ര്യാനന്തര വർഷങ്ങളിൽ വികസനത്തിന്റെ പേരിൽ നാം പശ്ചിമഘട്ടത്തെ നിർദയമായി കൊള്ളയിട്ടു കാടു നാടായി; സസ്യ—ജന്തു സമ്പത്തു വിനാശത്തിന്റെ വക്കത്തെത്തി. ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന സാമൂഹ്യ വനവൽക്കരണം ഈ പർവതശൃംഖലയുടെ വിധ്വംസനത്തിൽ ക്രൂരമായ മറ്റൊരു ഘട്ടത്തിന്റെ തുടക്കമത്രേ കുറിക്കുന്നത്. പശ്ചിമഘട്ടത്തിന്റെ നേർക്കുള്ള ഈ ആക്രമണം അതിന്റെ താഴ്‌വരയിലുള്ള നമ്മുടെ 'ആവാസവ്യൂഹ'ത്തെ എത്രയും ദോഷകരമായി ബാധിച്ചിട്ടുണ്ട്.

വനവിധ്വംസനം ആപൽക്കരമാണെന്ന ബോധം ഇന്നു നമ്മുടെയിടയിൽ വേരൂന്നിക്കഴിഞ്ഞിട്ടുണ്ട്—സൈലന്റ്‌വാലി പദ്ധതിക്കെതിരെ പ്രകൃതിപ്രേമികൾ സംഘടിച്ച നടത്തിയ സമരത്തോടു നമുക്കു നന്ദി പറയുക! എന്നാൽ, പശ്ചിമഘട്ടത്തിനെതിരായി സർക്കാരുകൾ നടത്തുന്ന ആക്രമണത്തിന്റെ ശക്തി ഇപ്പോഴും കുറഞ്ഞിട്ടില്ല. കേരളത്തിൽ പൂയംകുട്ടി പദ്ധതിക്കും കർണാടകത്തിൽ കൈഗ അണുവൈദ്യുതി പദ്ധതിക്കും എതിരായി നടക്കുന്ന പ്രക്ഷോഭണം വാസ്തവത്തിൽ പശ്ചിമഘട്ടത്തിനെതിരായി വനംകൊള്ളക്കാരും സർക്കാരുകളും ഒത്തുചേർന്നു നടത്തുന്ന അതിക്രമണങ്ങൾക്കെതിരായ ദുർബല പ്രതിഷേധങ്ങളാണ്.

കൈഗ പദ്ധതിക്ക് എതിരായി ആർ എന്തുപറഞ്ഞാലും ആ പദ്ധതിയുമായി മുന്നോട്ടുപോകാനാണു കേന്ദ്രഗവണ്മെന്റും കർണാടക ഗവണ്മെന്റും തീരുമാനിച്ചിട്ടുള്ളത്. ഇന്ത്യയിൽ പുതിയ അണുവൈദ്യുതി പദ്ധതികൾ പണിയുന്നതിന്റെ വിവേകത്തെപ്പറ്റി ദേശവ്യാപകമായ ഒരു ചർച്ച നടത്താമെന്നു കേന്ദ്രസർക്കാർ സമ്മതിച്ചിരുന്നു. പക്ഷേ, അങ്ങനെയൊരു ചർച്ചയ്ക്കു നമ്മുടെ അണുവൈദ്യുതിവാദികൾ ഇനിയും തയ്യാറല്ല എന്നതാണു പരമാർഥം. അണുവൈദ്യുതിനിലയങ്ങളിൽ കൂടെക്കൂടെ സംഭവിക്കുന്ന തകരാറുകൾ മറച്ചുവെക്കുന്നതിലാണ്, അവയെ സംബന്ധിച്ച വിവരങ്ങൾ അതാതവസരത്തിൽ ജനങ്ങൾക്കു നൽകുന്നതിലല്ല നമ്മുടെ അണുശാസ്ത്രജ്ഞർക്കു താല്പര്യം.

അതേസമയം കൈഗ പദ്ധതിക്ക് എതിരായ പ്രസ്ഥാനം കർണാടക സംസ്ഥാനത്തിൽ ബുദ്ധിജീവി വർഗത്തിന്റെ മുഴുവൻ ശ്രദ്ധ ആകർഷിച്ചുകഴിഞ്ഞിട്ടുണ്ട്. ഈ പ്രസ്ഥാനത്തെ പൂർണമായും അവഗണിക്കുവാൻ കർണാടക—കേന്ദ്ര സർക്കാരുകൾക്കു കഴിയുമെന്നു തോന്നുന്നില്ല.

(17 ഒക്ടോബർ, 1988)

# 49. കൽപ്പാക്കം അണുവൈദ്യുതിനിലയം

മദ്രാസ് നഗരത്തിൽനിന്ന് എഴുപത്തേഴ് കിലോമീററർ ദൂരെ, തമിഴ്നാട്ടിലെ 'കൽപ്പാക്കം' എന്ന കടലോരപ്രദേശത്തിൽ ഉള്ള അണുവൈദ്യുതിനിലയം അതിലെ ചില ഉല്പാദനത്തകരാറുകൾമൂലം കൂടെക്കൂടെ പത്രവാർത്തകൾക്കു വിഷയമാകാറുണ്ട്, പ്രത്യേകിച്ചും ഈയിടെ.

ഓരോന്നും ഇരുനൂററിമുപ്പത്തഞ്ചു മെഗാവാട്ട് (ഒരു മെഗാവാട്ട് പത്തു ലക്ഷം